**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 488** **13-01-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ. എസ്. രാജേന്ദ്രൻ,<br>ശ്രീമതി യു. പ്രതിഭ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സമ്പന്ന വിഭാഗങ്ങളിൽപെട്ടവർ ഒഴികെയുള്ള സംസ്ഥാനത്തെ അറുപത് വയസ്സ കഴിഞ്ഞ എല്ലാവർക്കും ക്ഷേമ പെൻഷൻ ലഭ്യമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനു അനുസരിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള അപേക്ഷകർക്കെല്ലാം സർക്കാരിന്റെ പ്രഖ്യാപിത നയത്തിനു അനുസരിച്ച് സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ്യ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയത്ത് ക്ഷേമ പെൻഷൻ തുക എത്രയായിരുന്നെന്നും എത്ര പേർക്ക് ലഭിച്ചിരുന്നെന്നതിന്റെയും കണക്ക് ലഭ്യമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷക്കാലത്ത് ആകെ എത്ര തുക ക്ഷേമപെൻഷനായി ചെലവഴിച്ചിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആകെ 4132826 പേർക്കാണ് സാമൂഹ്യ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ക്രമ നം പെൻഷൻ ഇനം പെൻഷൻ ഉപ വിഭാഗം തുക (രൂപ) 1 ഇന്ദിരാഗാന്ധി ദേശീയ വാര്ദ്ധഗക്യകാല പെൻഷൻ പ്രായം 75 വയസ്സിന് മുകളിൽ 1500 പ്രായം 75 വയസ്സ് വരെ 600 2 ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ 1100 80 ശതമാനത്തിനു താഴെ വൈകല്യമുള്ളവർ 800 3 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 800 4 കർഷ ക തൊഴിലാളി പെൻഷൻ 600 5 50 വയസ്സുകഴിഞ്ഞ അവിവാഹിതകള്ക്കുകള്ള പെൻഷൻ 800 ക്ഷേമനിധി ബോർഡ് പെൻഷനുകൾ വ്യത്യസ്ത നിരക്കിലായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലത്ത് ആകെ 9311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്. ക്ഷേമനിധി ബോർഡുകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ക്ഷേമ പെൻഷൻ കുടിശ്ശികയായിരുന്നോ; എങ്കിൽ എത്ര | (സി) | ഈസര്ക്കാ ർ അധികാരത്തിൽ എത്തുമ്പോൾ സാമൂഹ്യ സുരക്ഷാ/ക്ഷേമ നിധി ബോർഡ് പെൻഷനുകൾ കുടിശ്ശികയുണ്ടായിരുന്നു. സാമൂഹ്യ |

| | | | |
|---|---|---|---|
| | കോടി കുടിശ്ശികയുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | | സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപയും ക്ഷേമനിധി ബോര്ഡുൽകള്ക്ക് 260.35 കോടി രൂപയും ഉള്പ്പെടെ ആകെ 1734.02കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര പേർക്ക് പുതുതായി ക്ഷേമ പെൻഷൻ അനുവദിച്ചെന്നും ഈ സർക്കാരിന്റെ കാലത്ത് ഇതു വരെയായി ആകെ എത്ര കോടി രൂപ ക്ഷേമ പെൻഷനായി നൽകിയെന്നും അറിയിക്കാമോ; | (ഡി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോര്ഡുയ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 4132826 ആയിരുന്നു. സേവനയിലെ കണക്കുകൾ പ്രകാരം നിലവിൽ 5562802 സാമൂഹ്യസുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഈ സർക്കാർ ഇതുവരെ 1429976പേർക്കുകൂടി പുതുതായി പെൻഷൻ നൽകിയിട്ടുണ്ട്. ഈ സര്ക്കാ്ർ അധികാരത്തിൻ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 27317.08 കോടി രൂപയും, ക്ഷേമനിധി ബോര്ഡുപ പെൻഷൻ വിതരണത്തിനായി 4067.15 കോടി രൂപയും ചേർത്ത് ആകെ 31384.23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് ക്ഷേമ പെൻഷൻ നൽകുന്നതെന്ന പ്രചരണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (ഇ) | ബി.പി.എൽ വിഭാഗത്തിലുള്ള 688329 ഗുണഭോക്താക്കൾക്കു മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. വാര്ദ്ധിക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നീ ഇനങ്ങള്ക്ക് മാത്രമേ കേന്ദ്ര സഹായം കിട്ടുന്നുള്ളൂ. കിട്ടുന്ന തുക തുലോം ചെറുതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായിചേർക്കുന്നു. 05/01/2021 ലെ സ.ഉ(എം.എസ്) നം.3/2021/ധന പ്രകാരം 2021 ജനുവരി മുതൽ ക്ഷേമ പെൻഷൻ തുക 1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് |
| (എഫ്) | ഇത്തരത്തിലുള്ള ക്ഷേമ ചെലവുകളോടൊപ്പം തന്നെ വികസന ചെലവു കൂടി വർദ്ധിപ്പിക്കാനായിട്ടുണ്ടോ എന്നറിയിക്കാമോ? | (എഫ്) | ക്ഷേമചെലവുകളോടൊപ്പം തന്നെ വികസന ചെലവുകളിലും വര്ദ്ധെനവ് എന്ന ലക്ഷ്യം മുൻനിര്ത്തിളക്കൊണ്ടാണ് സര്ക്കാതർ പ്രവര്ത്തി്ക്കുന്നത്. കഴിഞ്ഞ സര്ക്കാൊരിന്റെ കാലത്ത് ബജറ്റിൽ നിന്ന് മൊത്തം മൂലധനചെലവ് 29689 കോടി രൂപയായിരുന്നു. ഈ സര്ക്കാതരിന്റെ നാലു വര്ഷ്ക്കാലയവിൽ ബജറ്റിൽ നിന്ന് മൊത്തം മൂലധനചെലവ് 40497 കോടി രൂപയാണ്. പെൻഷൻ ഇനം പെൻഷൻ ഉപ വിഭാഗം പ്രതിമാസ സംസ്ഥാന വിഹിതം പ്രതിമാസ കേന്ദ്ര വിഹിതം ആകെ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പ്രായം 75 വയസ്സ വരെ 1300 200 1500 പ്രായം 75 വയസ്സിന് മുകളിൽ 80 വയസ്സിന് താഴെ 1300 200 1500 പ്രായം 80 വയസ്സും അതിനു മുകളിലും 1000 |

| | | | |
|---|---|---|---|
| | | | 500 1500 ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) 1500 ഇല്ല 1500 അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ) 1200 300 1500 അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) 1000 500 1500 അംഗ പരിമിതി 80% ഉം അതിനു അതിനു മുകളിലും (18 വയസ്സിനു താഴെ) 1500 ഇല്ല 1500 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 40 വയസ്സിൽ താഴെ 1500 ഇല്ല 1500 40 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ 1200 300 1500 80 വയസ്സും അതിനു മുകളിലും 1000 500 1500 കർഷക തൊഴിലാളി പെൻഷൻ 1500 ഇല്ല 1500 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ 1500 ഇല്ല 1500 |

സെക്ഷൻ ഓഫീസർ